പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297 | 21.6.2013-ന് മറുപടിക്ക്

## മൊബൈൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം

**ചോദ്യം**

ശ്രീ. കെ.വി.അബ്ദുൾ ഖാദർ

,, കോലിയക്കോട്.എൻ. കൃഷ്ണൻ നായർ

'' എം. ചന്ദ്രൻ

'' കെ.കുഞ്ഞമ്മത് മാസ്റ്റർ

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി

(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

എ) തലസ്ഥാനനഗരിയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് വാങ്ങിയ മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

എ) ഇപ്പോൾ പ്രവർത്തിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിന് മുമ്പ് ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തിയിരുന്നുവോ; ഏത് ഏജൻസി മുഖേനയാണ്പഠനം നടത്തിയിട്ടുള്ളത്; എങ്കിൽ ഇതു സംബന്ധിച്ച് ഏജൻസി നൽകിയ റിപ്പോർട്ടിന്റെ പ്രസക്തഭാഗം വിവരിക്കാമോ ;

ബി) ഇതു വാങ്ങുന്നതു സംബന്ധിച്ച സാങ്കേതികാകാര്യങ്ങളിൽ ഉപദേശം നൽകുവാനായി സർക്കാർ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് മൊബൈൽ ഇൻസിനറേറ്റർ വാങ്ങിയത്.

സി) തലസ്ഥാന നഗരിയിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് മൊബൈൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം കൊണ്ട് എന്തു മെച്ചമാണ് ലഭിച്ചതെന്ന് അറിയിക്കാമോ ;

സി) മൊബൈൽ ഇൻസിനറേറ്റർ 15.11.2012 മുതൽ 7.3.2013 വരെയുള്ള കാലയളവിൽ 39 ദിവസം പ്രവർത്തിപ്പിച്ചതു മൂലം തലസ്ഥാനനഗരിയിൽ കെട്ടിക്കിടന്നിരുന്ന 137 ടണ്ണോളം മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ട്.

ഡി) മൊബൈൽ ഇൻസിനറേറ്റർ മറ്റേതെങ്കിലും കോർപ്പറേഷനിലോ മുനിസിപ്പാലിറ്റിയിലോ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഡി) സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിന് തിരുവനന്തപുരം നഗരസഭ വിമുഖത അറിയിച്ച സാഹചര്യത്തിലും, മറ്റു നഗരസഭകൾ ഈ നിബന്ധനകൾ പാലിച്ച് പ്രവർത്തിച്ചുകൊള്ളാമെന്ന് അറിയിച്ച സാഹചര്യത്തിലും മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മുൻസിപ്പാറ്റിയുടെ അപേക്ഷ സർക്കാർ പരിഗണിക്കുകയും ടി മുൻസിപ്പാലിറ്റിക്ക് മാലിന്യ സംസ്ക്കരണം നടത്തുന്നതിലേയ്ക്കായി ഒരു മാസത്തെ കാലാവധിക്ക് മൊബൈൽ ഇൻസിനറേറ്റർ കൈമാറുന്നതിന് സർക്കാർ അനുമതി നൽകുകയും ചെയ്തു. നടപടിക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം മൊബൈൽ ഇൻസിനറേറ്റർ കോട്ടയ്ക്കൽ നഗരസഭയിൽ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

സെക്ഷൻ ഓഫീസർ